"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പി.എം.എ.വൈ.(നഗരം) ലൈഫ് പദ്ധതിയുടെ അഫോർഡബിൾ ഹൗസിംഗ് ഇൻ പാർട്ണർഷിപ് (AHP) ഘടകത്തിൽ അനുമതി ലഭിച്ച നഗരസഭകൾക്കായുള്ള കേന്ദ്രവിഹിതം ആദ്യഗഡു 318 ലക്ഷം രൂപ (മൂന്നു കോടി പതിനെട്ട് ലക്ഷം രൂപ മാത്രം) നഗരകാര്യ വകുപ്പ് മുഖാന്തരം കുടുംബശ്രീ അർബൻ ഹൗസിംഗ് മിഷന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡി ഇ) വകുപ്പ്

സ.ഉ.(സാധാ) നം.316/2025/LSGD തീയതി,തിരുവനന്തപുരം, 01-02-2025

---

പരാമർശം:- 1. കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയത്തിന്റെ 18.12.2024 ലെ N-11012/52/2023-HFA-II-MoHUA(9158461) 1, 2& 3 നമ്പർ കത്ത്

2. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 03.01.2025 ലെ 10810/N/2017/KSHO-P2 നമ്പർ കത്ത്

<u>ഉത്തരവ്</u>

വിവിധ നഗരസഭകൾക്ക് ഭൂരഹിത ഭവനരഹിതർക്കായുള്ള ഭവന സമുച്ചയത്തിന് പി.എം.എ.വൈ.(നഗരം) ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി 30.01.2019, 07.08.2020, 16.08.2021 എന്നീ തീയതികളിലെ യഥാക്രമം 41, 52, 55 എന്നീ CSMC തീരുമാനങ്ങൾ പ്രകാരം അഫോർഡബിൾ ഹൗസിംഗ് ഇൻ പാർട്ണർഷിപ് (AHP) ഘടകത്തിൽ 1455 ലക്ഷം രൂപയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി ഒരു യൂണിറ്റിന് 1.5 ലക്ഷം രൂപ എന്ന നിരക്കിൽ ഇത്തരത്തിൽ കേന്ദ്ര വിഹിതം ലഭിക്കുന്നതാണ്. പദ്ധതിയ്ക്ക് ആവശ്യമായി വരുന്ന ബാക്കി മുഴുവൻ തുകയും സംസ്ഥാന വിഹിതമായി ലൈഫ് മിഷൻ കണ്ടെത്തുകയാണ് ചെയ്യുന്നത്. എസ്.സി. എസ്.ടി. വിഭാഗത്തിന് ഒന്നാം ഗഡുവായി (40%) 39 ലക്ഷം രൂപയും എസ്.സി.എസ്.ടി. ഇതര വിഭാഗത്തിനായി 279 ലക്ഷം രൂപയും പരാമർശം 1 പ്രകാരം കേന്ദ്ര വിഹിതം ലഭ്യമായിട്ടുണ്ട്. ഇപ്രകാരം പി.എം.എ.വൈ.(നഗരം) ലൈഫ് പദ്ധതിയുടെ അഫോർ ഡബിൾ ഹൗസിംഗ് ഇൻ പാർട്ണർഷിപ് (AHP) ഘടകത്തിൽ അനുമതി ലഭിച്ച നഗരസഭകൾക്കായുള്ള കേന്ദ്ര വിഹിതം ആദ്യഗഡു ആകെ 318 ലക്ഷം രൂപ (മൂന്നുകോടി പതിനെട്ട് ലക്ഷം രൂപ മാത്രം) നഗരകാര്യ വകുപ്പ് മുഖാന്തരം അർബൻ ഹൗസിംഗ് മിഷന്

(കുടുംബശ്രീ) അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം 2 പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പി.എം.എ.വൈ.(നഗരം) ലൈഫ് പദ്ധതിയുടെ അഫോർഡബിൾ ഹൗസിംഗ് ഇൻ പാർട്ണർഷിപ്പ് (AHP) ഘടകത്തിൽ അനുമതി ലഭിച്ച നഗരസഭകൾക്കായുള്ള കേന്ദ്ര വിഹിതം ആദ്യഗഡു ബന്ധപ്പെട്ട ശീർഷകങ്ങളിൽ ആകെ 318 ലക്ഷം രൂപ ( മൂന്നു കോടി പതിനെട്ട് ലക്ഷം രൂപ മാത്രം ) നഗരകാര്യ വകുപ്പ് മുഖാന്തരം കുടുംബശ്രീ അർബൻ ഹൗസിംഗ് മിഷന് ചുവടെ ചേർക്കും പ്രകാരം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| **ഘടകം** | **അക്കൗണ്ട്സ് ശീർഷകം** | **അനുവദിച്ച കേന്ദ്ര വിഹിതം (തുക ലക്ഷത്തിൽ )** | **അർബൻ ഹൗസിംഗ് മിഷന് ലഭ്യമാക്കേണ്ട ആകെ കേന്ദ്ര സംസ്ഥാന വിഹിതം (തുക ലക്ഷത്തിൽ )** |
|---|---|---|---|
| SC മുൻസിപ്പാലിറ്റി | 2217-05-192-48-(17) | 38.40 | 38.40 |
| ST മുൻസിപ്പാലിറ്റി | 2217-05-192-48-(19) | 0.60 | 0.60 |
| other than SC /ST മുൻസിപ്പാലിറ്റി | 2217-05-192-48-(15) | 279 | 279 |
| **ആകെ** | | **318** | **318** |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം
ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ /ഓഡിറ്റ്),കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ ,ഐ.&പി.ആർ.ഡി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 01-02-2025 12:37:32
സെക്ഷൻ ഓഫീസർ